# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3174</u> <u>03/04/2013-ൽ മറുപടിയ്ക്ക്</u>

## ' നിറവ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | എ) ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് കല്പറ്റ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നതാണ്.<br>1) നെൽകൃഷി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുളള ധനസഹായം 645 ഹെക്ടറിൽ നടപ്പിലാക്കും. 19.35 ലക്ഷം രൂപ ചെലവഴിക്കും.<br>2) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ - 500 യൂണിറ്റുകൾക്ക് 40.00 ലക്ഷം രൂപ ധനസഹായം നൽകും.<br>ഈ പദ്ധതിയിൽ വി.എഫ്.പി.സി.കെ ഉൾപ്പെടുത്തി പച്ചക്കറി വിത്ത്, പച്ചക്കറിത്തൈകൾ, കിഴങ്ങുവർഗ്ഗവിളകൾ, ഫലവൃക്ഷത്തൈകൾ, ടിഷ്യൂക്കൾച്ചർ വാഴ എന്നിവയുടെ വിതരണം പച്ചക്കറി കൃഷി വ്യാപനം, എക്സിബിഷനുകൾ, ചില്ലറ വില്പനശാലകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) നടപ്പുവർഷം മണ്ഡ ലത്തിലെ പദ്ധതിനടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | ബി) & സി) നടപ്പ് വർഷത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ആർ.കെ.വി.വൈ ഫണ്ട് അനുവദിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പിലാക്കുന്നതാണ് |
| സി) നടപ്പു സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ? | നടപ്പു സാമ്പത്തിക വർഷത്തിലെ അവസാന മാസത്തിലാണ് പദ്ധതികൾക്ക് അനുമതി ലഭ്യമായത്. ആയതിനാൽ ഈ വർഷം (2012-13) തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞില്ല. ആയത് 2013-14 വർഷത്തിൽ ചെലവഴിക്കുന്നതാണ്<br>നിറവ് പദ്ധതിയിൽ 33.175 ലക്ഷം രൂപയുടെ പദ്ധതികളാണ് കല്പറ്റ നിയോജക മണ്ഡലത്തിൽ വി.എഫ്.പി.സി.കെ നടപ്പിലാക്കുന്നത്. കല്പറ്റ നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടേയും ചിലവഴിച്ച തുകയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു |

| ക്ര.നം. | പദ്ധതികൾ | ഭൗതിക നേട്ടം | സാമ്പത്തിക ലക്ഷ്യം | സാമ്പത്തിക നേട്ടം |
|---|---|---|---|---|
| 1. | സീഡ് കിറ്റുകളുടെ വിതരണം (എണ്ണം) | 10000 | 2 | 2 |
| 2. | പച്ചക്കറിത്തൈകളുടെ വിതരണം (എണ്ണം) | 40000 | 0.8 | 0.8 |
| 3. | പച്ചക്കറികൃഷി വ്യാപനം (ഹെക്ടർ) | 75 | 16.875 | 16.875 |
| 4. | കിഴങ്ങുവർഗ്ഗവിളകളുടെ കിറ്റ് വിതരണം (എണ്ണം) | 3000 | 6 | 6 |
| 5. | ഫലവൃക്ഷ തൈകളുടെ വിതരണം (എണ്ണം) | 7500 | 3.75 | 3.75 |
| 6. | ടിഷ്യൂക്കൾച്ചർ വാഴയുടെ വിതരണം (എണ്ണം) | 7500 | 1.5 | 1.5 |
| 7. | എക്സിബിഷനുകൾ(എണ്ണം) | 1 | 0.25 | 0.25 |
| 8. | റീട്ടെയിൽ ഔട്ട്‌ലെറ്റ് (എണ്ണം) | 0 | 2.0 | 0 |
| ആകെ | | | **33.175** ലക്ഷം രൂപ | **31.175** ലക്ഷം രൂപ |

**സെക്ഷൻ ഓഫീസർ**